**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി . എ . അഹമ്മദ് കബീർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; | (എ) | മങ്കട മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടുത്തി ഇതുവരെ (19/1/2021) 3681 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | ജല ജീവൻ മിഷൻ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ പദ്ധതി നിർവഹണ മാർഗ രേഖ പ്രകാരം ജല ജീവൻ മിഷൻ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം ലഭ്യമാകുന്നതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു 7.4 ജനങ്ങളുടെയും സമൂഹത്തിന്റെയും സംഭാവന ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളിലെ ഗുണഭോക്താക്കൾ പദ്ധതി മൂലധനചിലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതാണ്. പണമായോ അല്ലെങ്കിൽ സ്ഥലം, അസംസ്കൃത വസ്തുക്കൾ, തൊഴിൽ ചെയ്യാനുള്ള സന്നദ്ധത എന്നിവയൊക്കെ നൽകിയാലും മതിയാകും. ഉപഭോക്തൃ വിഹിതത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ട ജനവിഭാഗങ്ങൾക്ക് (BPL/SC/ST/ഫിഷർമെൻ) ആവശ്യാനുസരണം ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് SWSM ന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണ്.. 8.4 പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് 1. പദ്ധതിക്കാവശ്യമായ ഗുണഭോക്തൃ വിഹിതം പണമായോ തൊഴിലായോ സാധന സാമഗ്രികളായോ നൽകാം 2. ഗ്രാമ പഞ്ചായത്തോ, ഉപ സമിതികളോ, ഗുണഭോക്തൃസമിതികളോ ഇത്തരത്തിൽ ലഭിക്കുന്ന ഉപഭോക്തൃ വിഹിതം പ്രത്യേകമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ബന്ധപ്പെട്ട രേഖകൾഓഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ് 3. പഞ്ചായത്തിനുള്ളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്ത് / ഉപസമിതികൾ ആരംഭിക്കുന്ന സയുക്ത |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിൽ നിക്ഷേപിക്കണം 4 . ബന്ധപ്പെട്ട സമിതിയുടെ ചെയർമാന്റേയും , ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും പേരിലുള്ളതായിരിക്കണം ടി അക്കൗണ്ട്. |
| (സി) | ജല ജീവൻ മിഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | സംസ്ഥാന സർക്കാർ ജല ജീവൻ മിഷൻ പദ്ധതി നിർവഹണ മാർഗ്ഗരേഖ പുറപ്പെടിവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ രേഖയിൽ "ജല ജീവൻ മിഷൻ - പശ്ചാത്തലവും ആവശ്യകതയും, കേരളത്തിലെ കുടിവെള്ള മേഖല, പദ്ധതി നിർവഹണ തന്ത്രങ്ങൾ, ആസൂത്രണം, സംഘടനാ സംവിധാനങ്ങൾ, പദ്ധതി പ്രവർത്തനങ്ങളുടെ നിർവഹണം, പദ്ധതികാലയളവും വിവിധ ഘടകങ്ങളും, പദ്ധതിയുടെ പണം ചെലവാക്കാൻ , നൂതന സാങ്കേതിക വിദ്യ കളുടെ പ്രയോഗം, പദ്ധതി നിർവഹണ സഹായ പ്രവത്തനങ്ങൾ, ജല ഗുണ നിലവാര പ്രവർത്തനങ്ങൾ, ഗതി നിയന്ത്രണങ്ങളും വിലയിരുത്തലും, ദുരന്ത നിവാരണം തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുതകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ രേഖ https://jalshakti-ddws.gov.in എന്ന വെബ് സൈറ്റിലും, സംസ്ഥാന മാർഗരേഖ https://kwa.kerala.gov.in , https://jalanidhi.kerala.gov.in എന്നീ വെബ് സൈറ്റുകളിലും ലഭ്യമാണ് |

സെക്ഷൻ ഓഫീസർ